# Deepika

## 12 August 2018

## Kattappana, After Flood, Flood Affected Areas, Chief Minister

# പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിക്കു കട്ടപ്പനയിൽ ഇറങ്ങാനായില്ല

**കട്ടപ്പന:** കാലവർഷ പ്രളയത്തിൽ ദുരിതക്കയത്തിൽ അകപ്പെട്ട മേഖലകൾ നേരിട്ടു സന്ദർശിക്കാൻ പുറപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും സംഘത്തിനും ഇന്നലെ ഹെലികോപ്റ്ററിൽ കട്ടപ്പനയിൽ ഇറങ്ങാനായില്ല.

വ്യോമസേനയുടെ ഹെലികോപ്റ്ററിൽ യാത്ര പുറപ്പെട്ട സംഘം പ്രതികൂല കാലാവസ്ഥമൂലം കട്ടപ്പനയിലേക്കുള്ള യാത്ര റദ്ദാക്കി വയനാട്ടിലേക്ക് പോയി. വിവരമറിഞ്ഞതോടെ മന്ത്രിമാരായ എം.എം. മണി, കെ. രാജു എന്നിവരുടെ നേതൃത്വത്തിൽ കോളജ് ഓഡിറ്റോറിയത്തിൽ അവലോകനയോഗം ചേർന്നു. ഈ മന്ത്രിമാരും ജോയ്സ് ജോർജ് എംപി, എംഎൽഎമാരായ റോഷി അഗസ്റ്റിൻ, ഇ.എസ്. ബിജിമോൾ, ജില്ലാകളക്ടർ കെ. ജീവൻ ബാബു എന്നിവരും ജില്ലയിലെ എല്ലാ വിഭാഗം വകുപ്പുമേധാവികളും ഉൾപ്പെടെയുള്ളവർ മുഖ്യമന്ത്രിയെയും സംഘത്തെയും കാത്ത് രാവിലെമുതൽ കട്ടപ്പന ഗവൺമെന്റ് കോളജിലുണ്ടായിരുന്നു.